LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോട്ടയം	13.29
ഇടുക്കി	126.86
പാലക്കാട്	487.74
മലപ്പുറം	29976
കണ്ണൂർ	138.11
കോഴിക്കോട്	167.28
വയനാട്	1391.65
കാസർഗോഡ്	70.74
ആകെ	3087.09

കാട്ടുപന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി

154 (460) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ ലഭിക്കുന്ന പരാതികൾ ജനജാഗ്രതാ സമിതിയിൽ ചർച്ച ചെയ്ത് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പന്നി ശല്യമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ അവയെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(ആർ.ടി.) 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ പാനൽ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-5-2021-ലെ സ.ഉ.(സാധാ) നമ്പർ 159/2021/വനം പ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ഇതുവരെയായി ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാട്ടുപന്നികളെ ശല്യജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടുപന്നികളെ ശല്യജീവി/ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കാട്ടുപന്നികളെ വന്യജീവി (സംരക്ഷണ) നിയമത്തിലെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചുവെങ്കിലും പഞ്ചായത്തിരാജ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 21-12-2020-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര സർക്കാരിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. യോഗതീരുമാന പ്രകാരം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ വീണ്ടും, കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക്, 8-1-2015-ലെ സ.ഉ.(കൈ) നമ്പർ 2/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം, നൽകിവരുന്നു. ഇപ്രകാരം നൽകി വരുന്ന നഷ്ടപരിഹാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100 % (പരമാവധി ഒരു ലക്ഷം രൂപ) ആയി 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/18/വനം പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്

കൈപ്പാട് കൃഷി

155 (461) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിക്കായി ഇറിഗേഷൻ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയ്ക്കുവേണ്ടി നിലവിലുള്ള വി.സി.ബി.കളുടെ റിപ്പയർ, പുതിയ വി.സി.ബി.കളുടെ നിർമ്മാണം, തോടുകളുടെ ആഴംകൂട്ടി സംരക്ഷിക്കൽ, കൈപ്പാട് നിലങ്ങളിലെ കാടുകൾ നീക്കം ചെയ്യൽ എന്നിവയാണ് പ്രധാനമായും ജലസേചന വകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.